# പാഠങ്ങൾക്കുള്ള

# മുഖവുര

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം എന്നറിയേണ്ടവർക്കു ആരംഭ പഠനത്തിനു പ്രാധാന്യമുള്ളതാണ് ഈ *വഴികാട്ടിയിലെ* എട്ടു പാഠങ്ങൾ. അവ ഓരോ പാഠത്തിൽ നിന്നു മറ്റൊന്നിലേക്കു തുടർന്നു താത്വിക മായും ക്രമമായും ഉപയോഗിച്ചാൽ ഫലപ്രദമാകും. എങ്ങനെയായാ ലും, ആദ്യത്തെ മൂന്നു പാഠങ്ങളിലുള്ള കാര്യങ്ങൾ വിദ്യാർത്ഥി മന സ്സിലാക്കി എന്നു അദ്ധ്യാപകൻ തിരിച്ചറിഞ്ഞാൽ അതുകൊണ്ടു നാലാ മത്തെ പാഠമായ "രക്ഷ" യിലേക്കു പ്രവേശിക്കാം.

മതപരമായ കാര്യങ്ങൾ വളരെ സചേതനമാകയാൽ, ചിലപ്പോൾ ആരംഭമായി പഠിപ്പിക്കുന്നതു പിന്നീടുള്ള പഠനത്തിനു അടിസ്ഥാനമായി തീർന്നേക്കാം. ഈ ആരംഭ പാഠങ്ങൾ ഒരാൾ രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യേണം എന്നടങ്ങുന്നതല്ല, എന്നാൽ അതു വിദ്യാർത്ഥിയെ പിന്നീടു സത്യം തുറന്നു പഠിപ്പിക്കുമ്പോൾ വിയോജിപ്പു ഉണ്ടാകാതിരിക്കേണ്ട തിനുള്ള പശ്ചാത്തലം ആയേക്കാം.

ഏതെങ്കിലും പാഠങ്ങൾ പഠിപ്പിക്കുന്നതിനുമുൻപു എല്ലാ പാഠ ങ്ങളും അദ്ധ്യാപകൻ അറിഞ്ഞിരിക്കണം എന്നാൽ ക്രമത്തിൽ അവ അവതരിപ്പിക്കാം. ഈ *വഴികാട്ടിയിലെ* എട്ടു പാഠങ്ങൾ ചിന്തയിൽ പുരോ ഗതി വരുത്തുന്നതു താഴെ കൊടുത്തിരിക്കുന്ന വിധത്തിലാണ്:

പാഠം 1. "പാപത്തിന്റെയും മരണത്തിന്റെയും ഉറവിടം എന്ത്?" ദൈവത്തിന്റെ സൃഷ്ടികളായിരുന്ന മനുഷ്യരെ ഏദെൻ തോട്ടത്തിലാ ക്കിയശേഷം ശാപത്തിലാകുവാൻ എന്തു സംഭവിച്ചു എന്നു അവതരി പ്പിക്കുന്നതാണ്. ഈ പാഠത്തിൽ ആദാമും ഹവ്വയും നന്മതിന്മകളെക്കു റിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻഫലം തിന്നതിനാൽ, പാപം ലോക ത്തിലേക്കു വന്നു എന്നും മനുഷ്യവർഗ്ഗം നന്മയുടേയും തിന്മയുടേയും പ്രശ്നത്തിൽ അകപ്പെട്ടു എന്നും അദ്ധ്യാപകൻ കാണിച്ചു കൊടുക്ക ണം. ശിശുക്കൾ, എങ്ങനെയായാലും, ജന്മനാ പാപികൾ അല്ല, അല്ലെ ങ്കിൽ നന്മയോടും തിന്മയോടും കൂടെ അല്ല ജനിക്കുന്നതു. ഈ അറിവു അവർ ജീവിതത്തിൽ പിന്നീടു വളർത്തി എടുക്കുന്നതാണ്.

പാഠം 2. "ദൈവത്തിന്റെ പദ്ധതി എന്ത്?" വിവരിക്കുന്നതു അബ്ര ഹാമിനെ ഒരു വലിയ ജാതിയാക്കുന്നതും അവന്റെ സന്തതി മുഖാ ന്തരം സകല ജാതികളെയും അനുഗ്രഹിക്കുന്നതാണ് ദൈവ പദ്ധതി. ന്യായപ്രമാണം മുഖാന്തരം അനുഗ്രഹിക്കുവാനല്ല (അതു അനുഗ്രഹ ത്തിനു പകരം ശാപമാണ് വരുത്തിയതു), ദൈവം പദ്ധതി ഒരുക്കിയത് എന്ന് അദ്ധ്യാപകൻ വിദ്യാർത്ഥിയെ കാണിച്ചു കൊടുക്കുക, മറിച്ച്,

ആകാശവും ഭൂമിയും സൃഷ്ടിക്കുന്നതിനു മുൻപു തന്നെ, തന്റെ പുത്രനെ പാപികൾക്കു വേണ്ടി മരിപ്പാൻ അനുവദിക്കുന്ന പദ്ധതി തയ്യാറാക്കിയിരുന്നു. ആളുകളെ യേശുവിന്റെ അടുക്കലേക്കു, കൊണ്ടു വരുന്നതിനായിരുന്നു ന്യായപ്രമാണം, എന്നാൽ ഇപ്പോൾ യേശുവിലുള്ള വിശ്വാസം വന്നു, അതുകൊണ്ടു നാം ന്യായപ്രമാണത്തിൻകീഴിലല്ല, പിന്നെയോ, നാം യേശുക്രിസ്തുവിന്റെ പുതിയ നിയമത്തിൻ കീഴിലാണ്.

പാഠം 3. "യേശു മനുഷ്യർക്കുവേണ്ട പുതിയ വഴിയാണോ?" ന്യായപ്രമാണവും അതോടുകൂടിയുള്ള മൃഗയാഗങ്ങളും *അല്ല*, യേശുവാണ് മനുഷ്യർക്കുവേണ്ട രക്ഷാ*വഴി*, ആ *വഴി* യെരുശലേമിൽ തുടങ്ങി ലോകത്തിന്റെ മറ്റെല്ലാ ഭാഗത്തേക്കും വ്യാപിപ്പിച്ചു. യേശുവിന്റെ ക്രൂശിലെ മരണത്തിന്റെ നിഴലായി ദൈവം തന്റെ പദ്ധതിയിൽ മൃഗയാഗത്തെ ഉൾപ്പെടുത്തി എന്നു വിദ്യാർത്ഥിയെ കാണിച്ചു കൊടുക്കുക. അവന്റെ മരണശേഷം, പുതിയ വഴി യെരുശലേമിൽ തുടങ്ങി ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രസംഗിക്കുവാൻ കഴിഞ്ഞു. യെരുശലേമിൽ പാപമോചനവഴി ആദ്യം പ്രസംഗിച്ചതാണ് എല്ലാ ദേശങ്ങളിലും എല്ലാ കാലത്തും ആവശ്യം.

പാഠം 4. "നിങ്ങൾ രക്ഷിക്കപ്പെട്ടോ?" വിവരിക്കുന്നതു യേശുവിന്റെ രക്തത്താൽ നല്കുന്ന പാപമോചനത്തിനായുള്ള പുതിയ വഴിക്കു വേണ്ടി എന്തു ചെയ്യണം എന്നാണ്. യേശുവിനെ കുറിച്ചു പഠിപ്പിച്ചവർക്ക്, യേശുവിൽ വിശ്വസിക്കുവാനും, യേശുവിനായി ജീവിക്കുവാൻ തീരുമാനിക്കേണ്ടതിനും, സ്നാനത്തിൽ യേശുവിനോടുകൂടെ അടക്കപ്പെടുകയും ചെയ്യുമ്പോൾ രക്ഷിക്കപ്പെടും എന്നു കാണിച്ചു കൊടുക്കുക. യേശുവിന്റെ രക്തത്താലുള്ള പാപമോചനം യേശുവിനോടു ചേരുവാൻ സ്നാനമേല്ക്കുന്നവർക്കാണ്. ക്രിസ്തുവിലായിത്തീരുന്നവർ എല്ലാവരും, അവന്റെ ശരീരമാകുന്ന ക്രിസ്തുവിന്റെ സഭയിലാണ്.

പാഠം 5. "ക്രിസ്തുവിന്റെ സഭയെക്കുറിച്ചു ബൈബിൾ എന്തു പറയുന്നു?" എല്ലാ ക്രിസ്ത്യാനികളാലുമാണ് ക്രിസ്തുവിന്റെ സഭയായി തീരുന്നത്. ഈ വിശ്വാസ സംഘത്തിന്റെ നിർമ്മാതാവും, അടിസ്ഥാനവും, തലയും രക്ഷകനും, യേശുവാണ്. തലയായതുകൊണ്ടു, തന്റെ ശരീരം ഭിന്നത കൂടാതെ യോജിച്ചു ഒന്നായി കാണുവാനാണ് അവൻ ആഗ്രഹിക്കുന്നത്. തനിക്കു അവരോടുള്ള സ്നേഹം നിമിത്തം അവൻ അവർക്കുവേണ്ടി മരിച്ചതുകൊണ്ടു, അവർ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്നു അവൻ അവരെ കറ, ചുളുക്കം, കോട്ടം എന്നിവ ഇല്ലാതെ സൂക്ഷിക്കുന്നു.

പാഠം 6. "ക്രിസ്തുവിന്റെ സഭയുടെ സംഘടിപ്പിക്കൽ എന്തായിരുന്നു?" ഇതു കാണിക്കുന്നതു ഒരിക്കലും – മാറാത്ത സഭയുടെ സംഘടനയെയാണ്, അതിന്റെ മുഴുവനായും, യേശു തലയായും ആരംഭത്തിൽ പന്ത്രണ്ടു അപ്പൊസ്തലന്മാരും പുതിയ നിയമ പ്രവാചകന്മാരും ഉണ്ടായിരുന്നു. പ്രാദേശിക ഇടവകയിൽ മൂപ്പന്മാരും (അദ്ധ്യക്ഷന്മാർ, ഇടയന്മാർ എന്നും വിളിച്ചിരുന്നു), ശുശ്രൂഷകന്മാർ, സുവിശേഷകന്മാർ, ഉപദേഷ്ടാക്കന്മാർ, അംഗങ്ങൾ എന്നിവർ സേവനം അനുഷ്ഠിച്ചിരുന്നു.

ഇവർക്കെല്ലാവർക്കും ശരിയായ യോഗ്യതകളും പ്രവർത്തനങ്ങളും ഉണ്ടായിരുന്നു.

പാഠം 7. "സ്വീകാര്യമായ രീതിയിലാണോ നിങ്ങൾ ദൈവത്തെ ആരാധിക്കുന്നത്?" ദൈവം തന്നെ ആരാധിക്കുന്നവരിൽ നിന്നും ആഗ്രഹിക്കുന്ന കാര്യങ്ങളാണ് ഇതിൽ വിവരിക്കുന്നത്. സഭ ദൈവത്തെ നമസ്ക്കരിക്കേണ്ടതു ദൈവത്തിനു സ്വീകാര്യമായ രീതിയായ ആത്മാവിലും സത്യത്തിലും ആയിരിക്കണം എന്നു അദ്ധ്യാപകൻ വിദ്യാർത്ഥിയെ കാണിച്ചു കൊടുക്കണം. ആരാധനയിൽ ആവശ്യമുള്ളതെല്ലാം ദൈവം നമുക്ക് നൽകിയിരിക്കുന്നു. ദൈവം നമ്മോടു ചെയ്യുവാൻ പറഞ്ഞിരിക്കുന്നതിനോടു കൂട്ടുവാനോ അതിൽ നിന്നും എന്തെങ്കിലും കുറയ്ക്കുവാനോ പാടില്ല എന്നു ദൈവം അരുളിച്ചെയ്തിട്ടുണ്ട്.

പാഠം 8. "നിങ്ങളുടെ നിത്യമായ ലക്ഷ്യം എന്തായിരിക്കും?" ഇതിൽ വാസ്തവമായി ആളുകളെ രണ്ടായി തിരിച്ചിരിക്കയാണ്, ക്ഷമിക്കപ്പെടുന്ന പാപികളും ക്ഷമിക്കപ്പെടാത്ത പാപികളും. എല്ലാവരും പാപികളാണ് കാരണം എല്ലാവരും ദൈവത്തിന്റെ നിലവാരം തെറ്റിച്ചിരിക്കുന്നു. ക്ഷമിക്കപ്പെടാത്തവരുടെ ലക്ഷ്യം വേദനാജനകമായിരിക്കും, നിത്യശിക്ഷാവിധിയായിരിക്കും, എന്നാൽ ക്ഷമിക്കപ്പെടുന്ന പാപിയുടെ എത്തിച്ചേരൽ ദൈവത്തോടുകൂടെ സ്വർഗ്ഗത്തിൽ നിത്യ സന്തോഷം ആയിരിക്കും. ദൈവത്തെ അനുസരിക്കുന്നവർ ആണ് ക്ഷമിക്കപ്പെടുന്നവർ, ക്ഷമിക്കപ്പെടാത്തവർ അവനെ അനുസരിക്കാത്തവർ ആണ്. ദൈവേഷ്ടത്തോടുള്ള മനുഷ്യരുടെ പ്രതികരണം അനുസരിച്ചായിരിക്കും അവരുടെ നിത്യമായ എത്തിച്ചേരൽ.

**പരിഗണനകൾ**

ഈ എട്ടു പാഠങ്ങൾ, ശരിയായി മനസ്സിലാക്കുകയും അവതരിപ്പിക്കുകയും ചെയ്താൽ, വിദ്യാർത്ഥിക്കു രക്ഷ യേശുവിൽ ആശ്രയിച്ചാണിരിക്കുന്നതെന്നും, തന്റെ ജീവിതം യേശുവിൽ വിശ്വസിച്ചു നയിക്കണമെന്നും, അവന്റെ ഇഷ്ടം അനുസരിക്കേണ്ടതാണെന്നും തിരിച്ചറിയും. യേശുവിന്റെ അധികാരത്തെയോ, ദൈവകൃപയെയോ, യേശുവിനെ ദൈവപുത്രനായി ബഹുമാനിക്കുന്നതോ, യേശുവിൽ വ്യക്തിപരമായ ജീവിതം നയിക്കേണമെന്നോ ഊന്നി പഠിപ്പിക്കുന്നില്ലെങ്കിൽ അദ്ധ്യാപകൻ ഈ പാഠങ്ങൾ അവതരിപ്പിക്കുകയാണെങ്കിൽ ഉന്നമില്ലാതെയാണ് പ്രവർത്തിക്കുന്നത്.

അദ്ധ്യാപകൻ ഈ *വഴികാട്ടിയിലെ* എട്ടു പാഠങ്ങളും ശരിക്കു മനസ്സിലാക്കിയശേഷം, അവതരിപ്പിക്കുവാൻ പോകുന്ന പാഠത്തിൽ ശ്രദ്ധിക്കുക. ശരിയായി പാഠം മുഴുവൻ നന്നായി വായിച്ച് അതിലെ ഓരോ ഭാഗവും മനസ്സിൽ ഉറപ്പിക്കുക. അദ്ധ്യാപകൻ എല്ലാ വാക്യങ്ങളും വായിച്ചു അതു എങ്ങനെ പാഠവുമായി യോജിക്കുന്നു എന്നു നോക്കുക. ഇതെല്ലാം ചെയ്തശേഷം, പിന്നെ പാഠത്തിന്റെ ഓരോ വശവും എങ്ങനെ അവതരിപ്പിക്കണം എന്നു ചിന്തിക്കണം.

ഓരോ പാഠവും അദ്ധ്യാപകൻ എങ്ങനെ തയ്യാറാക്കി അവതരിപ്പിക്കണം എന്നു അറിയുവാൻ അദ്ധ്യാപകനെ സജ്ജമാക്കുന്നതാണ് താഴെ

കൊടുത്തിരിക്കുന്ന വസ്തുതകൾ. ഈ *വഴികാട്ടിയിൽ* കൊടുത്തിരിക്കുന്ന വസ്തുതകൾ അദ്ധ്യാപകൻ അങ്ങനെ തന്നെ പിൻപറ്റണമെന്നില്ല, എന്നാൽ അദ്ധ്യാപകൻ ഓരോ പാഠവും അവതരിപ്പിക്കുന്നതിനു മുൻപു ഈ *വഴികാട്ടിയിലെ* വസ്തുതകൾ മനസ്സിലാക്കിയിരിക്കണം.

© 2009 Truth for Today